# കേരളസർവകലാശാല

നം.പി.ആർ.176/2023 തിരുവനന്തപുരം, തീയതി: 26/08/2023

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനം

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് കമ്മ്യൂണിറ്റിക്വാട്ട എന്ന ടാബ് ഉപയോഗിച്ച് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളപക്ഷം ഫീസ് ഒടുക്കി (നിലവിൽ യൂണിവേഴ്സിറ്റി ഫീ അടയ്ക്കാത്തവർ) അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത് ആയതിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരാകേണ്ടതാണ്. സെപ്റ്റംബർ 4, 5 തീയതികളിലാണ് കോളേജ് പ്രവേശനം.

കമ്മ്യൂണിറ്റിക്വാട്ടയിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, ടി.സി. എന്നിവ ഉൾപ്പെടെ എല്ലാ സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് (https://admissions.keralauniversity.ac.in/pg2023/) എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### കേരളസർവകലാശാല ഒന്നാം വർഷ ബി.എഡ്. പ്രവേശനം 2023 ജനറൽ/എസ്.സി/എസ്.ടി/ഭിന്നശേഷി വിഭാഗക്കാർ/കെ.യു.സി.ടി.ഇ. മാനേജ്മെന്റ് ക്വാട്ട മറ്റ് സംവരണ വിഭാഗങ്ങൾ – സ്പോട്ട് അലോട്ട്മെന്റ്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവണ്മെന്റ്/എയ്ഡഡ്/ സ്വാശ്രയ/കെ.യു.സി.ടി.ഇ. കോളേജുകളിലെ ഒന്നാം വർഷ ബി.എഡ്. കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്കും, കെ.യു.സി.ടി.ഇ മാനേജ്മെന്റ് സീറ്റുകളിലേയ്ക്കും ഫിസിക്കൽ സയൻസ്, നാച്ചുറൽ സയൻസ്, തമിഴ്, അറബിക് വിഷയങ്ങളിലേക്ക് 2023 ആഗസ്റ്റ് 24 ന് നടത്താനിരുന്ന സ്പോട് അലോട്ട്മെന്റ് താഴെ പറയും പ്രകാരം പുനഃക്രമീകരിച്ചിരിക്കുന്നു.

| തീയതി | വിഷയം | സ്ഥലം |
|---|---|---|
| 02.09.2023<br>Reporting Time :<br>08.00 am to 10.00 am | Physical Science, Natural Science, Tamil, Arabic | കേരള യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ് കാര്യവട്ടം |

## പരീക്ഷാ വിജ്ഞാപനം

കേരളസർവകലാശാല എട്ടാം സെമസ്റ്റർ ബി.ടെക്. – 2013 സ്കീം, സപ്ലിമെന്ററി/ സെഷണൽ ഇംപ്രൂവ്മെന്റ് (2008 & 2013 സ്കീം), സപ്ലിമെന്ററി (2017 അഡ്മിഷൻ വരെ),

യു.സി.ഇ.കെ. സെപ്റ്റംബർ 2023 പരീക്ഷ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഓൺലൈൻ രജിസ്ട്രേഷൻ 2023 ആഗസ്റ്റ് 23 മുതൽ ആരംഭിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ/വൈവ

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. ജിയോഗ്രഫിയുടെ പ്രാക്ടിക്കൽ ആന്റ് വൈവാവോസി പരീക്ഷകൾ 2023 സെപ്റ്റംബർ 7 മുതൽ 11 വരെ അതാത് കോളേജുകളിൽ നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. സൈക്കോളജി പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷകൾ 2023 സെപ്റ്റംബർ 7 മുതൽ അതാത് കോളജുകളിൽ ആരംഭിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. ഫിസിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷകൾ 2023 സെപ്റ്റംബർ 5 മുതൽ 15 വരെ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. മ്യൂസിക്, എം.എ. മ്യൂസിക് (വീണ), എം.എ. മ്യൂസിക് (വയലിൻ) പ്രാക്ടിക്കൽ/വൈവ പരീക്ഷകൾ 2023 സെപ്റ്റംബർ 7 മുതൽ 14 വരെ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ MA History പരീക്ഷയുടെ വൈവ പരീക്ഷ 2023 സെപ്റ്റംബർ 7 മുതൽ 15 വരെ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2023 സെപ്റ്റംബർ 13 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ. മേഴ്സിചാൻസ് പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries[helpdesk@keralauniversity.ac.in](mailto:helpdesk@keralauniversity.ac.in)
**website:** [www.keralauniversity.ac.in](http://www.keralauniversity.ac.in)

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**